പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 159 — 16.02.2016-ലെ മറുപടിക്ക്

ജയിലുകളിലെ ഭക്ഷ്യോൽപ്പാദന യൂണിറ്റുകൾ

ചോദ്യം

ശ്രീ.ഹൈബി ഈഡൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.സണ്ണി ജോസഫ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളിൽ ഭക്ഷ്യോൽപ്പാദന യൂണിറ്റുകളും സംരക്ഷണ സംരംഭവും ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകളിലും, ചീമേനി തുറന്ന ജയിൽ, പത്തനംതിട്ട ജില്ലാ ജയിൽ (ശബരിമല തീർത്ഥാടന സീസണിൽ മാത്രം), തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ, എന്നിവിടങ്ങളിലും ഭക്ഷ്യോല്പന്ന യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യോല്പന്ന സംരംഭമാണ് 'സംരക്ഷ'. |
| ബി)ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) തടവുകാർക്ക് തൊഴിലധിഷ്ഠിത പരിശീലനവും, പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണ നിലവാരമുള്ള ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുകയെന്നതുമാണ് ലക്ഷ്യങ്ങൾ. |
| സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | സി) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഭക്ഷ്യോല്പാദന യൂണിറ്റിനായി മികച്ച സൗകര്യങ്ങളോടുകൂടിയ കിച്ചൺ പുതിയതായി നിർമ്മിച്ചു. Automatic ചപ്പാത്തി നിർമ്മാണ മെഷീനുകൾ ഇവിടെ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ ജയിലിൽ ജയിൽ ഉല്പന്നങ്ങളുടെ വില്പന കേന്ദ്രം തുറന്നിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജയിൽ ഭക്ഷ്യോല്പന്നങ്ങൾ പൊതുജനങ്ങൾക്ക് ഇരുന്ന് കഴിക്കുന്നതിനുള്ള ഓപ്പൺ കഫറ്റേരിയയും തുറന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ